[Rao Sahib K. Ayyappan]

(*b*) Government have not sent students for training in Deep Sea Fishing alone. A few candidates have been given general training in fishery subjects including Deep Sea Fishing.

(*c*) Yes.

(*d*) Government have no information.

"KUTTADAN" CROP—FAILURE OF

513. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലത്തെ കുട്ടാടൻ കൃഷി നഷ്ടപ്പെട്ടുപോയതായി ഗവൺമെണ്ടിന്നറിയാമോ;

(ബി) കൃഷിക്കാക്ക് എത്ര നഷ്ടപരിഹാരം നൽകുവാനാണ് ഗവൺമെണ്ടു് ഉദ്ദേശിക്കുന്നതു്;

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ൧൯൨൨ വൃശ്ചികത്തിലെ അതിവർഷം മൂലം വിളവിൽ അല്പം കുറവുണ്ടായി എന്നല്ലാതെ വിളവു തീരെ നഷ്ടപ്പെട്ടതായി ഗവൺമെണ്ടിന്നറിവില്ല.

(ബി) വിളവു കുറവുള്ള സംഗതികളിൽ നികുതി ഇളവുചെയ്യുകൊടുക്കുന്ന പതിവില്ല.

GOVERNMENT ACTION ON CASES OF OPPRESSION OF DEPRESSED CLASSES

514. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചില സ്ഥലങ്ങളിൽ ലോക്കൽ പോലീസ്സ് അധഃകൃതമർദ്ദനക്കേസ്സുകളിൽ പലതും രാജിയാകുവാൻ ആവലാതിക്കാരെ അന്യായമായി നിർബ്ബന്ധിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുവെന്നുള്ള പരാതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെണ്ടിൽനിന്നും എത്ര നടവടികളാണ് എടുത്തിട്ടുള്ളതു്;

(സി) മേൽപറഞ്ഞ പരാതി എവിടെനിന്നെല്ലാമാണ് ഗവൺമെണ്ടിനു കിട്ടിയിട്ടുള്ളതു്?

റാവു സാഹിബ്ബ് എ. മാധവപ്രഭു:

(എ) ഉവ്വ്.

(ബി) അവയെപ്പറ്റി അന്വേഷിച്ചു വരുന്നുണ്ടു്.

(സി) കൊടുങ്ങല്ലൂരിൽനിന്നും തലപ്പിള്ളി താലൂക്കിൽനിന്നും.

'MASAPADIES' IN THE EDUCATION DEPARTMENT—DETAILS REGARDING

515. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസവകുപ്പിൽ ആകെ എത്ര മാസപ്പടിമാരാണ് ഉള്ളതു്;

(ബി) അവരിൽ അധഃകൃതർ എത്ര;

(സി) ഇക്കൊല്ലത്തിൽ ആകെ എത്ര മാസപ്പടിമാരെ നിയമിച്ചിട്ടുണ്ടു്;

(ഡി) അവരിൽ അധകൃതർ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ;

(എ) ഒന്നു.

(ബി) ൦.

(സി) ൪ ൪.

(ഡി) ൦.

CHELLANAM PIPE LINE—TENDERS OF

516. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചെല്ലാനം പൈപ്പ്ലൈൻ പണി ടെണ്ടർ വിളിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഏറ്റവും കുറഞ്ഞ ടെണ്ടർ ആരുടേതായിരുന്നു; എന്തായിരുന്ന ടെണ്ടർ തുക;

LIBRARY ARCHIVES Kerala Legislative Assembly